**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് – പതിനൊന്നാംപദ്ധതി ജനകീയാസൂത്രണം – 2008–09 വാർഷിക പദ്ധതിക്കും രണ്ടാംഘട്ട പ്രോജക്ടുകൾക്കും അംഗീകാരം നേടുന്നതിനുള്ള അവസാന തീയതി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ(സാധാ. 4035/2008/തസ്വഭവ                    തിരുവനന്തപുരം, തീയതി: 17.11.2008

---

പരാമർശം: 1. 26.06.2008–ലെ സ.ഉ. (സാധാ).1808/2008/ തസ്വഭവ നമ്പർ ഉത്തരവ്
2. 25.07.2008–ലെ സ.ഉ. (സാധാ).2912/2008/ തസ്വഭവ നമ്പർ ഉത്തരവ്

**ഉത്തരവ്**

തദ്ദേശഭരണസ്ഥാപനങ്ങൾ 2008–09 വാർഷിക പദ്ധതിയും രണ്ടാംഘട്ട പ്രോജക്ടുകളും അന്തിമമാക്കി ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പുകൾക്ക് സമർപ്പിക്കുന്നതിനും ജില്ലാ ആസൂത്രണ സമിതികൾ അവയ്ക്ക് അംഗീകാരം നൽകുന്നതിനുമുള്ള അവസാന തീയതികൾ പരാമർശം ഒന്ന്, രണ്ട് എന്നീ ഉത്തരവുകൾ പ്രകാരം നിശ്ചയിച്ചിരുന്നു. എന്നാൽ നിശ്ചിത തീയതിക്കകം അംഗീകാരം നേരിടുന്നതിന് മിക്ക തദ്ദേശഭരണ സ്ഥാപനങ്ങൾക്കും കഴിഞ്ഞിരുന്നില്ല. പദ്ധതിക്ക് അംഗീകാരം നേടുന്ന പ്രവർത്തനത്തിന്റെ പുരോഗതി 13.11.2008–ന് ചേർന്ന ജില്ലാ ആസൂത്രണസമിതി ചെയർപേഴ്സൺമാരുടെ യോഗത്തിൽ അവലോകനം ചെയ്യുകയുണ്ടായി. 2008 നവംബർ 12–വരെ 1185 തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതിക്ക് അംഗീകാരം നേടിയിട്ടുണ്ട്. അവശേഷിക്കുന്ന 38 തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഭൂരിഭാഗവും പദ്ധതി സമർപ്പിച്ച് ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പിന്റെ പരിശോധന പൂർത്തിയാക്കി വരികയാണെങ്കിലും ഏതാനും ചില തദ്ദേശഭരണസ്ഥാപനങ്ങൾ ഇതുവരെയും പദ്ധതി സമർപ്പിച്ചിട്ടില്ല. പദ്ധതി സമർപ്പണത്തിനും അംഗീകാരം നൽകുന്നതിനും അവസാന തീയതികൾ നിശ്ചയിക്കേണ്ടതുണ്ടെന്ന് ജില്ലാ ആസൂത്രണസമിതി ചെയർപേഴ്സൺമാരുടെ യോഗം ശുപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ 2008–09 വാർഷിക പദ്ധതിയും രണ്ടാം ഘട്ട പ്രോജക്ടുകളും ടി.എ.ജി.കൾക്ക് സമർപ്പിക്കുന്നതിനും ജില്ലാ ആസൂത്രണ സമിതികൾ അവയ്ക്ക് അംഗീകാരം നൽകുന്നതിനും പരാമർശത്തിലെ ഉത്തരവുകൾ പ്രകാരം നിശ്ചയിച്ചിരുന്ന അവസാന തീയതികൾ ചുവടെ പ്രതിപാദിക്കുന്ന പ്രകാരം ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | | |
|---|---|---|
| ടി.എ.ജി.ക്ക് പദ്ധതി സമർപ്പിക്കേണ്ട അവസാന തീയതി<br>(എല്ലാ തലങ്ങളിലെ തദ്ദേശഭരണ സ്ഥാപനങ്ങളും) | : | 2008 നവംബർ 25 |
| ജില്ലാ ആസൂത്രണ സമിതികൾ അംഗീകാരം നൽകേണ്ട അവസാന തീയതി<br>(എല്ലാ തലങ്ങളിലെ തദ്ദേശഭരണസ്ഥാപനങ്ങളും) | : | 2008 ഡിസംബർ 1 |

3. ഈ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള അവസാന തീയതിക്കകം പദ്ധതി സമർപ്പിച്ച് അംഗീകാരം നേടാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 2008–09 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിന്റെ അനുബന്ധം IV പ്രകാരമുള്ള വികസനഫണ്ട് വിഹിതത്തിന്റെ 25 ശതമാനം തുക നഷ്ടപ്പെടുന്നതാണ്. ആ തുക പൊതുവിഭാഗം ഫണ്ടിൽ നിന്നും കുറവ് ചെയ്യുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എസ്.എം.വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
6. എല്ലാ ജില്ലാആസൂത്രണസമിതി ചെയർപേഴ്സൻമാർക്കും
7. സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യവകുപ്പ്
8. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
9. പഞ്ചായത്ത് ഡയറക്ടർ
10. ഗ്രാമവികസന കമ്മീഷണർ
11. നഗരകാര്യ ഡയറക്ടർ
12. പബ്ലിക് റിലേഷൻസ് ഡയറക്ടർ (അടിയന്തിര പത്രക്കുറിപ്പിന്)
13. മുഖ്യ നഗരാസൂത്രകൻ
14. ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
15. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ
16. എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
17. ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
18. എല്ലാ ടെക്നിക്കൽ അഡ്വൈസറിഗ്രൂപ്പ് ചെയർമാൻമാർക്കും കൺവീനർ മാർക്കും
19. എല്ലാ ജില്ലാ ആസൂത്രണസമിതി മെമ്പർസെക്രട്ടറി (ജില്ലാ കളക്ടർമാർ) മാർക്കും
20. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
21. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
22. എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
23. നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്ക്
24. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
25. സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ
26. ജനറൽ സെക്രട്ടറി, കേരളഗ്രാമപഞ്ചായത്ത് അസോസിയേഷൻ
27. സെക്രട്ടറി കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
28. സെക്രട്ടറി മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
29. സെക്രട്ടറി ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
30. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
31. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

പകർപ്പ്:–

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
3. തദ്ദേശസ്വയംഭരണ ഡി.ബി/ഡി.സി/ഡി.ഡി/എഫ്.എം സെക്ഷനുകൾക്ക്
4. ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ